LIBRARY ARCHIVES Kerala Legislative Assembly

പദ്ധതിയിൽ ഉൾപ്പെട്ട 386 കിലോമീറ്റർ (മീനാട് - 34 km., കോഴിക്കോട് അർബൻ - 156 km. റൂറൽ - 196 km.) വിതരണശൃംഖല ഒഴികെയുള്ള പണികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇതിൽ മീനാട് വിതരണ ശൃംഖലയുടെ ബാക്കിയുള്ള പ്രവൃത്തികൾ സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കോഴിക്കോട് ഗ്രാമീണ മേഖലയിലെ വിതരണ ശൃംഖലയുടെ ബാക്കിയുള്ള പ്രവൃത്തികൾ ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. ആയത് 2022-ഓടുകൂടി പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കോഴിക്കോട് അർബൻ പ്രദേശത്തെ വിതരണ ശൃംഖലയുടെ ബാക്കിയുള്ള പ്രവൃത്തികൾ ജല ജീവൻ മിഷൻ അർബൻ പ്രാവർത്തികമാകുന്ന മുറയ്ക്ക് പൂർത്തീകരിക്കുന്നതാണ്.

(ബി) വിദേശ ധനസഹായത്തോടെ ഏതെങ്കിലും പുതിയ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

എ.ഡി.ബി. ധനസഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കേരള അർബൻ വാട്ടർ സപ്ലൈ ഇംപ്രൂവ്മെന്റ് പ്രോജക്ട് തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ 24X7 ജലവിതരണ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. ഇപ്പോൾ 1250 കോടി രൂപയുള്ള ഒന്നാം ഘട്ടത്തിൽ തിരുവനന്തപുരം, കൊച്ചി എന്നിവയിലെ ജലശുദ്ധീകരണശാലയുടെ നവീകരണവും കൊച്ചി നഗരത്തിലെ ജല വിതരണ ശൃംഖല നവീകരിക്കലും വിപുലപ്പെടുത്തലും വിവര സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള Management Information System (MIS)-ഉമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. എ.ഡി.ബി.-യും സംസ്ഥാന സർക്കാരും 70:30 അനുപാതത്തിൽ ചെലവ് പങ്കിടുന്ന ഈ പദ്ധതിക്ക് ആകെ 07-2-2020-ൽ ആകെ 2511 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനനുസരിച്ച് 1757.7 കോടി രൂപ എ.ഡി.ബി. വായ്പയായും 753.3 കോടി രൂപ സംസ്ഥാന സർക്കാർ വിഹിതമായും ഉൾപ്പെടുത്തിയിരിക്കുന്നു.

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ജൽജീവൻ മിഷൻ

197 (3903) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷന്റെ ഭാഗമായി ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ പായിപ്പാട്, തൃക്കൊടിത്താനം, വാഴപ്പള്ളി, കുറിച്ചി,

LIBRARY ARCHIVES Kerala Legislative Assembly

മടപ്പള്ളി എന്നീ പഞ്ചായത്തുകളിൽ 2302 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി 1143.23 ലക്ഷം രൂപയുടെ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. ഇതുവരെ 1196 കണക്ഷനുകൾ നൽകിയിട്ടുണ്ട്.

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയെന്നും നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ?

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതിക്ക് അനുവദിച്ച തുകയും നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു*.

(സി) പദ്ധതിയുടെ ഭാഗമായി എത്ര കുടിവെള്ള കണക്ഷനുകളാണ് നൽകിയിട്ടുള്ളതെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ?

ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ ഇതുവരെ 1196 കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

കന്നിമേൽ കോളനി കുടിവെള്ളപദ്ധതി

198 (3904) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ തഴക്കര ഗ്രാമപഞ്ചായത്തിലെ കന്നിമേൽ കോളനി കുടിവെള്ളപദ്ധതി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

&

(ബി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; വിശദമാക്കാമോ?

തഴക്കര പഞ്ചായത്തിലെ കന്നിമേൽ കോളനി വേനൽക്കാലത്ത് രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന പ്രദേശമാണ്. ആയതിനാൽ കന്നിമേൽ കോളനിക്ക് മാത്രമായി ഒരു കുടിവെള്ള പദ്ധതി വേണമെന്ന 26-9-2017-ലെ പഞ്ചായത്ത് പ്രസിഡന്റിന്റെ കത്തിന്റെ അടിസ്ഥാനത്തിൽ മാവേലിക്കര അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഒരു കോടി രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് പഞ്ചായത്തിൽ സമർപ്പിച്ചിട്ടുണ്ട്. അച്ചൻകോവിലാറിന് സമീപം നാല് മീറ്റർ വ്യാസമുള്ള കിണർ, പമ്പ് ഹൗസ്, ഇൻസ്പെക്ഷൻ ചേംബർ, 1050 മീറ്റർ നീളമുള്ള 200 എം.എം.ഡി.ഐ.കെ.- 9 പമ്പിംഗ് മെയിൻ, ഉപരിതല ജല സംഭരണിയുടെ നിർമ്മാണം, പമ്പ് സെറ്റ് സ്ഥാപിക്കൽ, പമ്പ് ഹൗസ് വൈദ്യുതീകരണം, വിതരണ ശൃംഖല സ്ഥാപിക്കൽ, പി.ഡബ്ല്യു.ഡി. റോഡ് റീസ്റ്റോറേഷൻ ചാർജ്,

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.